(ഡി) നേരിട്ടുള്ള നിയമനം വഴി നികത്താൻ 7 ഒഴിവുകൾ ഉണ്ട്. പ്രൊമോഷൻ വഴി നിയമനം നടത്താൻ ഒരു ഒഴിവുണ്ട്.

ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിമാരുടെ ഒഴിവുകൾ നികത്താൻ നടപടി

102 [2591] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഇപ്പോൾ സെക്രട്ടറിമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ലോവർ ഗ്രേഡ്, സ്പെഷ്യൽ ഗ്രേഡ് എന്നിവ എത്രവീതം എന്ന് വെളിപ്പെടുത്താമോ;

(സി) തസ്തിക നികത്താതിരിക്കാനുള്ള കാരണം അറിയിക്കാമോ;

(ഡി) പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ സ്ഥിരം സെക്രട്ടറിമാർ ഇല്ലാത്തുകൊണ്ടുള്ള ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ സെക്രട്ടറിമാരെ എപ്പോൾ നിയമിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. 33 തസ്തികകൾ.

(ബി) ലോവർ ഗ്രേഡ് .. 8

സ്പെഷ്യൽ ഗ്രേഡ് .. 25

(സി) ലോവർ ഗ്രേഡ് സെക്രട്ടറിമാരുടെ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് തടസ്സങ്ങളൊന്നുമില്ല. എന്നാൽ ഹൈക്കോടതി ഉത്തരവ് നിലനിൽക്കുന്നതിനാൽ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികകളിലേക്ക് ഇപ്പോൾ പ്രൊമോഷൻ നൽകാൻ കഴിയില്ല.

(ഡി) ഇല്ല.

(ഇ) ലോവർ ഗ്രേഡ് സെക്രട്ടറിമാരുടെ ഒഴിവുള്ള തസ്തികകൾ ഉടൻ നികത്തുന്നതാണ്. ഹൈക്കോടതിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിലെ ഒഴിവുകൾ നികത്തുന്നതാണ്.

ഗ്രാമപഞ്ചായത്തുകളിലെ പാർട്ട് ടൈം സ്വീപ്പർമാർ

103 [2592] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ പാർട്ട് ടൈം സ്വീപ്പർമാർക്ക് എന്നു മുതലാണ് പെൻഷൻ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉത്തരവ് വന്നതിനുശേഷം എത്ര പാർട്ട് ടൈം ജീവനക്കാർക്ക് പെൻഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാർക്ക് പെൻഷൻ കോൺട്രിബ്യൂഷൻ എത്ര ശതമാനമാണെന്നും എന്നു മുതലാണ് അടയ്ക്കേണ്ടതെന്നും തീരുമാനിച്ചിട്ടുണ്ടോ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഡി) ഗ്രാമപഞ്ചായത്തുകളിലെ പാർട്ട് ടൈം സ്വീപ്പർമാരുടെ നിയമനരീതി അറിയിക്കാമോ; ഇതു സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഇ) ഗ്രാമപഞ്ചായത്തുകളിലെ പാർട്ട് ടൈം സ്വീപ്പർമാർക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് ഇപ്പോൾ നിയമ തടസ്സമുണ്ടോ; എങ്കിൽ അതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1-7-1988 മുതൽ പെൻഷനും, 3-9-1997 മുതൽ ഫാമിലി പെൻഷനും ഇൻവാലിഡ് പെൻഷനും അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) അടിസ്ഥാന ശമ്പളത്തിന്റെ 15 ശതമാനം പെൻഷൻ കോൺട്രിബ്യൂഷനായി നിജപ്പെടുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. † പെൻഷൻ കോൺട്രിബ്യൂഷൻ എന്ന് മുതൽ അടക്കണമെന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അതത് പഞ്ചായത്തുകളാണ് പാർട്ട്ടൈം സ്വീപ്പർമാരുടെ നിയമനം നടത്തുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഇ) ഇല്ല.

ത്രിതല പഞ്ചായത്തുകളിലും മുനിസിപ്പൽ സർവ്വീസിലുമുള്ള ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡം

104 [2596] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിലും, മുനിസിപ്പൽ സർവ്വീസിലുമുള്ള ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് സംസ്ഥാന സർക്കാർ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഉത്തരവ് എക്സിക്യൂട്ടീവ് ഉത്തരവിന്റെ സ്വഭാവമുള്ളതാണോ എന്നറിയിക്കാമോ;

(സി) സംസ്ഥാന സർക്കാർ ഈ ഉത്തരവിന് എക്സംപ്ഷൻ അനുവദിക്കാറുണ്ടോ; എങ്കിൽ ഏതെല്ലാം വിഭാഗക്കാർക്കാണ് ഇത് നൽകാറുള്ളത് എന്ന് വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly